# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ എം.ഫിൽ എൻവയോൺമെന്റൽ സയൻസ് ബിരുദത്തിന് എം.ഫിൽ കെമിസ്ട്രി ബിരുദവുമായി തുല്യത അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

അക്കാദമിക് എ5 വിഭാഗം

സ.ഉ.നം.6753/എസി.എ5/1/തുല്യത/2017/അക്കാദമിക് പി.ഡി.ഹിൽസ്, തീയതി: 15.11.2017

സൂചന:-
1) ശ്രീമതി. എലിസബത്ത് ഷൈനി തങ്കച്ചൻ സമർപ്പിച്ച അപേക്ഷ തീയതി: 23.06.2016
2) ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ്, കെമിസ്ട്രി (പി.ജി)-യുടെ അഭിപ്രായം തീയതി: 20.02.2017
3) സ.ഉ.നം. 1792/എസി.എ5/1/2012, തീയതി: 04.04.2012.
4) ഡീൻ, ഫാക്കൽറ്റി ഓഫ് സയൻസ്-ന്റെ അഭിപ്രായം തീയതി: 10.04.2017
5) 14.08.2017-ന് കൂടിയ പ്രത്യേക അക്കാദമിക് കൗൺസിൽ യോഗം മിനുട്സ് ഇനം.നം. 50/Ac.17/17234
6) 23.10.2017-ന് കൂടിയ അക്കാദമിക് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം മിനുട്സ് ഇനം. നം.04.

## ഉത്തരവ്

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള ചങ്ങനാശ്ശേരി, സെന്റ് ബെർക്ക്മാൻസ് കോളേജിൽ നിന്നും എം.ഫിൽ എൻവയോൺമെന്റൽ സയൻസ് ബിരുദം നേടിയ ശ്രീമതി എലിസബത്ത് ഷൈനി തങ്കച്ചൻ പ്രസ്തുത ബിരുദത്തിന് എം.ഫിൽ കെമിസ്ട്രി ബിരുദവുമായി തുല്യത ആവശ്യപ്പെട്ട് സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

സൂചന (2)-ലെ ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ്, കെമിസ്ട്രി (പി.ജി.)-യുടെ അഭിപ്രായത്തിൽ, അഡ്മിഷൻ നേടാനുള്ള അടിസ്ഥാന യോഗ്യത, കോഴ്സ് ദൈർഘ്യം, പേപ്പറുകളുടെ എണ്ണം, വൈവാ, ഡിസർട്ടേഷൻ, പ്രോജക്ട് എന്നിവ ഇരു പ്രോഗ്രാമുകളിലും സമാനമാണെങ്കിലും എം.ഫിൽ എൻവയോൺമെന്റൽ സയൻസ് പ്രോഗ്രാമിന്റെ സിലബസ്, എം.ഫിൽ കെമിസ്ട്രി പ്രോഗ്രാമിന്റെ സിലബസുമായി തുല്യത നൽകത്തക്ക വിധത്തിൽ സമാനതകൾ പുലർത്തുന്നില്ല. പ്രോജക്ടിൽ പോളിമർ കെമിസ്ട്രി ഉൾപ്പെട്ടിട്ടുണ്ടെങ്കിലും തുല്യത നൽകാൻ ഇത് പര്യാപ്തമല്ല. ആയതിനാൽ ഇരു പ്രോഗ്രാമുകൾക്കും തുല്യത അനുവദിക്കാനാവില്ലെന്ന് ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ അഭിപ്രായപ്പെട്ടു.

എന്നാൽ സൂചന (4) പ്രകാരം ഡീൻ, ഫാക്കൽറ്റി ഓഫ് സയൻസ്, ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാന്റെ അഭിപ്രായത്തോട് വിയോജിച്ചുകൊണ്ട് അപേക്ഷകയുടെ ബിരുദാനന്തര ബിരുദവുമായി ബന്ധപ്പെട്ട വിഷയത്തിലാണ് തുല്യത ആവശ്യപ്പെട്ടിരിക്കുന്നതെങ്കിൽ സൂചന (3)-ലെ സർവ്വകലാശാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുല്യത അനുവദിക്കാമെന്ന് ശിപാർശ ചെയ്തു.

അപേക്ഷകയുടെ ബിരുദാനന്തര ബിരുദം അനലിറ്റിക്കൽ കെമിസ്ട്രിയിലാണ്. അതിനാൽ എം.ഫിൽ എൻവയോൺമെന്റൽ സയൻസ് ബിരുദത്തിന് എം.ഫിൽ കെമിസ്ട്രി ബിരുദവുമായി തുല്യത അനുവദിക്കുന്നത് സംബന്ധിച്ച വിഷയം ബഹു.വൈസ് ചാൻസലറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു.

(മറുപുറം)

അക്കാദമിക് കൗൺസിൽ യോഗം സൂചന (5) പ്രകാരം ശ്രീമതി. എലിസബത്ത് ഷൈനി തങ്കച്ചൻ നേടിയ എം.ഫിൽ എൻവയോൺമെന്റൽ സയൻസ് ബിരുദത്തിന് എം.ഫിൽ കെമിസ്ട്രി ബിരുദവുമായി തുല്യത നൽകുന്ന വിഷയം അക്കാദമിക് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കും ശിപാർശകൾക്കുമായി സമർപ്പിച്ചു.

അക്കാദമിക് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം സൂചന (6) പ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും ശ്രീമതി എലിസബത്ത് ഷൈനി തങ്കച്ചൻ നേടിയ എം.ഫിൽ എൻവയോൺമെന്റൽ സയൻസ് ബിരുദത്തിന് എം.ഫിൽ കെമിസ്ട്രി ബിരുദവുമായി തുല്യത നൽകുന്നതിന് ശിപാർശ ചെയ്തു.

അക്കാദമിക് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല നിയമം 1985, അദ്ധ്യായം 3, ഛേദം 10(17) പ്രകാരമുള്ള പ്രത്യേക അധികാരമുപയോഗിച്ച് ബഹു: വൈസ് ചാൻസലർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ദിലീപ് കുമാർ ആർ
അസിസ്റ്റന്റ് രജിസ്ട്രാർ III (അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

1. ശ്രീമതി എലിസബത്ത് ഷൈനി തങ്കച്ചൻ
2. വൈസ് ചാൻസലറുടെ /പ്രൊ വൈസ് ചാൻസലറുടെ പി.എസ്
3. രജിസ്ട്രാറുടെ പി.എ.
4. എ.ആർ III/ഡി. ആർ II/ജെ. ആർ. II (അക്കാദമിക്)
5. എ.സി.ഡി. /എസി.സി
6. കണ്ടന്റ് മാനേജ്മെന്റ് വിഭാഗം/ഐ ക്യൂ എ.സി.
7. കരുതൽ ഫയൽ/ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. എസി.എ5/1/9479/2017